LIBRARY ARCHIVES Kerala Legislative Assembly

കടമക്കുടി ദ്വീപ് സമൂഹങ്ങളുടെ വികസനം

145 [1706] *ഡോ. എം. എ. കുട്ടപ്പൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ കീഴിൽ വരുന്ന കടമക്കുടി ദ്വീപ് സമൂഹങ്ങൾക്കുവേണ്ടി എന്തൊക്കെ വികസന പദ്ധതികളാണ് തീരുമാനമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) അതിനായി ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

(സി) ദ്വീപുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മുലമ്പിള്ളി-പിഴല, പിഴല-ചേന്നൂർ, പിഴല-കടമക്കുടി, കടമക്കുടി-ചാത്തനാട്, ചേന്നൂർ, ചരിയംതുരുത്ത്, ചേന്നൂർ-കോതാട്, ചേന്നൂർ-തുണ്ടത്തും കടവ് എന്നീ പാലങ്ങൾ ജിഡയെകൊണ്ട് നിർമ്മിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ;

(ഡി) മുലമ്പിള്ളി-പിഴല-പാല്യം തുരുത്ത്-കടമക്കുടി-ചാത്തനാട് തീരദേശ റോഡിന്റെ നിർമ്മാണം സംബന്ധിച്ച നിർദ്ദേശത്തിന്മേൽ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) & (ബി) കടമക്കുടി ദ്വീപസമൂഹങ്ങളുടെ വികസനം ലക്ഷ്യമിട്ടുകൊണ്ട് മുലമ്പിള്ളി-പിഴല, പിഴല-ചേന്നൂർ, ചേന്നൂർ-ചരിയൻ തുരുത്ത് എന്നീ പാലങ്ങളും മുലമ്പിള്ളിയിൽ നിന്ന് ചാത്തനാട് ജട്ടിവരെയുള്ള നിർദ്ദിഷ്ട 22 മീറ്റർ വീതിയുള്ള റോഡിന്റെ സർവ്വേ ജോലിയും ജിഡ ജനറൽ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്; ടി റോഡിന്റെ അലൈൻമെന്റ് തീരുമാനിക്കുന്നതിനുള്ള സർവ്വേ ജോലിയും പാലങ്ങളുടെ നിർമ്മാണത്തിനുവേണ്ടിയുള്ള പദ്ധതി റിപ്പോർട്ടുകളും തയ്യാറാക്കുന്നതിന് സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിച്ചിട്ടുള്ളതും ആയതിന്റെ സർവ്വേ നടത്തി ഒരു സ്കെച്ച് ജിഡയെ ഏൽപ്പിച്ചിട്ടുള്ളതുമാണ്.

(സി) ഇത് സംബന്ധിച്ച് ഒരു തീരുമാനം ഇതുവരേയും എടുത്തിട്ടില്ല.

(ഡി) മുലമ്പിള്ളി-പിഴല-പാല്യംതുരുത്ത്-കടമക്കുടി-ചാത്തനാട് തീരദേശ റോഡിനുവേണ്ടി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കി തന്നിട്ടുള്ള സ്കെച്ച് സൂക്ഷ്മമായി പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി അന്തിമ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാഭ്യാസ ലോണുകൾ

146 [1708] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമാകുന്ന വിദ്യാഭ്യാസ വായ്പകൾ ഏതെല്ലാമെന്നും ഇതുപ്രകാരം എന്തു തുകവരെ ലഭിക്കും എന്നത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വിദ്യാഭ്യാസ ലോണുകൾ ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ വെളിപ്പെടുത്തുമോ;

(സി) വിദ്യാഭ്യാസ ലോണുകളുടെ മറവിലുള്ള പത്രപ്പരസ്യങ്ങളും തട്ടിപ്പുകളും സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ കൈക്കൊണ്ട നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇന്ത്യയിൽ പഠനത്തിന് 7.50 ലക്ഷം രൂപ വരെയും വിദേശ പഠനത്തിന് 15 ലക്ഷം രൂപ വരെയും വിദ്യാഭ്യാസ വായ്പ ലഭിക്കും.

(ബി) 4 ലക്ഷം രൂപ വരെ ഈടില്ലാതെയും അതിനു മുകളിൽ 7.50 ലക്ഷം രൂപ വരെ ബാങ്കിന് "സ്യൂട്ടബിൾ ഗ്യാരന്റി" യും 7.50 ലക്ഷം രൂപയ്ക്കു മുകളിൽ വസ്തുവും ഈടായി നൽകേണ്ടതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വിദ്യാഭ്യാസ വായ്പയുടെ പലിശ

147 [1709] *ശ്രീ. എം. മുരളി:*

,, *എം. കെ. പോൾസൺ മാസ്റ്റർ:*

,, *വി. ഡി. സതീശൻ:*

,, *പി. ജെ. ജോയി:*

,, *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയ്ക്ക് ഈടാക്കുന്ന പലിശ എത്രയെന്ന് വിശദമാക്കാമോ;

(ബി) ഈ പലിശ നിശ്ചയിച്ചതിന്റെ മാനദണ്ഡമെന്താണ്;

(സി) ഗൃഹനിർമ്മാണ വായ്പ, കാർഷിക വായ്പ, ചെറുകിട വ്യവസായ വായ്പ, സ്വർണ്ണ പണ്ടങ്ങളിന്മേലുള്ള പണയ വായ്പ മുതലായവയ്ക്ക് ഈടാക്കുന്ന പലിശ നിരക്കെത്രയാണ്;

(ഡി) വിദ്യാഭ്യാസ വായ്പയ്ക്ക് ഇവയേക്കാൾ ഉയർന്ന പലിശ നിരക്ക് ഏർപ്പെടുത്തുവാനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 4 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് അതാത് ബാങ്കുകളുടെ PLR നിരക്കും 4 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് PLR-നുമേൽ 1 മുതൽ 2 ശതമാനം കൂടുതൽ നിരക്കുമാണ് പലിശ ഈടാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly